## വഴിവെളിച്ചം

# ഇഅ്തികാഫും ജനസേവനവും

عن ابن عبّاس رضي الله عنهما أنّه كان معتكفا في مسجد رَسُولِ الله ﷺ فأتاهُ رَجُلٌ فسلّم عَلَيه ثُمّ جَلَس. فقَال لَهُ ابنُ عَبّاسٍ : يَا فُلانُ. أرَاكَ مُكْتَئباً حَزِيناً؟ قَالَ: نَعَمْ يا ابن عَمِّ رسُول الله لِفلانٍ عليّ حَقٌّ وَلاءٍ. وَحُرْمَة صَاحِبِ هَذا القَبْرِ مَا أقْدِرُ عَلَيْه. قَالَ ابن عَبّاسٍ: أفَلا أُكَلّمُهُ فِيك. فَقَال: إن أحْبَبْتَ ؟ فانتعل ابن عَبّاس ثُمّ خَرَجَ مِن المَسْجِدِ. فقَال لَهُ الرّجُلُ: أَنَسِيتَ مَا كُنْتَ فيه ؟ قَال: لا وَلَكِنّي سمِعْتُ صَاحِبَ هَذَا القَبْرِ ﷺ وَالعَهْدُ بِهِ قَرِيب فَدَمَعَتْ عَيْنَاهُ وَهُوَ يقُول: مَنْ مَشَى فى حَاجَةِ أخِيه وَبَلَغَ فِيهَا كَان خَيْرًا لَهُ مِن اعْتِكَاف عَشْر سِنِين. وَمَن اعْتَكف يوْمًا ابتِغَاء وَجْهِ الله تَعالى جعل الله بَيْنَهُ وَبَيْن النّارِ ثلاث خنَادقَ أبْعَد مِمّا بَيْنَ الخَافِقين

*** ഇബ്നു അബ്ബാസി(റ)ൽനിന്ന്: ഒരിക്കൽ അദ്ദേഹം പ്രവാചകന്റെ പള്ളിയിൽ ഇഅ്തികാഫിരിക്കുകയായിരുന്നു. അപ്പോൾ സലാം പറഞ്ഞുകൊണ്ട് ഒരാൾ കടന്നുവന്ന് അവിടെ ഇരുന്നു. ഇബ്നു അബ്ബാസ്(റ) അയാളോട് ചോദിച്ചു: 'താങ്കൾ വളരെ ഖിന്നനും ദുഃഖിതനുമാണല്ലോ' അയാൾ പറഞ്ഞു: 'അതെ പ്രവാചകന്റെ പിതൃവ്യപുത്രാ, എനിക്ക് ഒരാളോട് സാമ്പത്തികമായ ചില ബാധ്യതകളുണ്ട്. (പ്രവാചകന്റെ ഖബ്ർ ചൂണ്ടി) എന്നാൽ ഈ ഖബ്റിൽ കിടക്കുന്നവരുടെ മാഹാത്മ്യം തന്നെയാണ, അത് കൊടുത്തുവീട്ടാൻ എനിക്ക് കഴിയുകയില്ല.' ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'താങ്കളുടെ കാര്യത്തിൽ ഞാൻ അയാളോട് സംസാരിച്ചാലോ?' അയാൾ പറഞ്ഞു: 'താങ്കൾ ഇഷ്ടപ്പെടുന്നുവെങ്കിൽ അങ്ങനെയാവാം.' ഇബ്നു അബ്ബാസ് ചെരിപ്പു ധരിച്ച് പള്ളിയിൽനിന്ന് പുറത്തിറങ്ങി. ആഗതൻ ചോദിച്ചു: 'താങ്കൾ ഇഅ്തികാഫിലാണെന്ന കാര്യം മറന്നുപോയതാണോ?' ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'അങ്ങനെയല്ല; മറിച്ച് ഈ ഖബ്റിൽ കിടക്കുന്ന വ്യക്തി ഒരിക്കൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: (പ്രവാചകന്റെ മരണം കഴിഞ്ഞിട്ട് കുറച്ചുകാലമേ ആയിട്ടുണ്ടായിരുന്നുള്ളൂ. അതിനാൽ ഇത് പറയുമ്പോൾ ഇബ്നു അബ്ബാസിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി) ഒരുവൻ തന്റെ സഹോദരന്റെ ആവശ്യത്തിനുവേണ്ടി പുറത്തിറങ്ങുകയും അക്കാര്യം നിറവേറ്റുകയും ചെയ്താൽ അതവന് പത്തു വർഷം പള്ളിയിൽ ഇഅ്തികാഫിരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ്; ഒരാൾ അല്ലാഹുവിന്റെ പ്രീതിക്കായി ഒരു ദിവസം പള്ളിയിൽ ഇഅ്തികാഫ് അനുഷ്ഠിച്ചാൽ അല്ലാഹു അവന്നും നരകത്തിനുമിടയിൽ മൂന്നു കിടങ്ങുകളുണ്ടാക്കും; അവയിൽ ഓരോന്നും രണ്ട് ചക്രവാളങ്ങൾ തമ്മിലുള്ളതിനേക്കാൾ അകലമുണ്ടായിരിക്കും."**

**ഇഅ്തികാഫ്** പുണ്യമേറിയ ഒരു ഐഹിക കർമമാണ്. അല്ലാഹുവിന്റെ സാമീപ്യം കൊതിച്ച് ജീവിതത്തിരക്കുകളിൽനിന്നെല്ലാം ഒഴിഞ്ഞുനിന്ന് ദൈവസ്മരണയിലും ഇബാദത്തുകളിലും മുഴുകി പള്ളിയിൽ കഴിച്ചുകൂട്ടുന്നതിനാണ് ഇഅ്തികാഫ് എന്ന് പറയുക. ദൈവിക ശരീഅത്തിൽ നോമ്പും നമസ്കാരവും മറ്റു ആരാധനാകർമങ്ങളുമെന്ന പോലെ പണ്ടുകാലം മുതൽക്കേ നില നിന്നുപോന്നിരുന്ന ഒന്നാണ് ഇഅ്തികാഫും. പ്രവാചകനു മുമ്പുള്ള ജാഹിലിയ്യാ സമൂഹവും ഒരു പുണ്യകർമമായി അതിനെ മനസ്സിലാക്കിയിരുന്നു.

ജീവിതവ്യവഹാരങ്ങൾ മാറ്റിവെച്ചുള്ള ആത്മീയത ഇസ്‌ലാമിലില്ല. എങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ വ്യക്തിയുടെ ആത്മീയ വളർച്ചക്കും വ്യക്തിത്വ വികാസത്തിനും മറ്റുമായി ഒരു നിർണിത കാലത്തേക്ക് ഈ രീതിയാവാം. ഇഅ്തികാഫ് അക്കൂട്ടത്തിൽപെട്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം നേടിയെടുക്കാനും ആരാധനാകർമങ്ങൾ കൂടുതലായി അനുഷ്ഠിക്കാനും അതുവഴി ഒരാൾക്ക് അവസരമൊരുങ്ങുന്നു. നബി(സ) പറഞ്ഞു: "ഇഅ്തികാഫ് അനുഷ്ഠിക്കുന്നവന് തെറ്റുകുറ്റങ്ങൾ തടുത്തു നിർത്താൻ സാധിക്കുന്നു. സൽക്കർമങ്ങൾ തന്റെ പേരിൽ ധാരാളമായി എഴുതപ്പെടാൻ അത് ഇടയാക്കുകയും ചെയ്യുന്നു" (ഇബ്നുമാജ).

നബിയും അനുചരന്മാരും റമദാനിന്റെ അവസാന പത്ത് ദിവസങ്ങളിൽ പള്ളിയിൽ ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു. മരണപ്പെടുന്ന വർഷം അവിടുന്ന് ഇരുപത് ദിവസത്തോളം ഇഅ്തികാഫിലായിരുന്നുവെന്ന് ഹദീസുകളിൽ കാണാം. "ഒരാൾ റമദാനിൽ പത്തു ദിവസം ഇഅ്തികാഫ് അനുഷ്ഠിച്ചാൽ അത് രണ്ട് ഹജ്ജും ഉംറയും നിർവഹിച്ചതിന് തുല്യമാണ്" (ത്വബറാനി, ബൈഹഖി)

അല്ലാഹുവിനെ സ്നേഹിക്കുന്നതോടൊപ്പം അവന്റെ സൃഷ്ടികളെയും സ്നേഹിക്കണമെന്ന സന്ദേശവും ഈ ഹദീസ് നൽകുന്നുണ്ട്. ജനസേവനവും ശ്രേഷ്ഠകരമായ ഇബാദത്തായി മാറുകയാണ്. ഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു: "ഒരിക്കൽ ഒരാൾ പ്രവാചകന്റെ അടുക്കൽ വന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ജനങ്ങളിൽ ആരാണ് അല്ലാഹുവിന് ഏറെ പ്രിയപ്പെട്ടവർ? ഏതാണ് അവന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ള പ്രവൃത്തി?' നബി(സ) പറഞ്ഞു: ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവർ ജനങ്ങൾക്ക് കൂടുതൽ ഉപകാരം ചെയ്യുന്നവരാണ്. കർമങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് നീ മുഖേന ഒരു മുസ്‌ലിമിന് ഉണ്ടായിത്തീരുന്ന സന്തോഷമാണ്. അല്ലെങ്കിൽ അയാളുടെ ഒരു പ്രയാസം നീ നീക്കിക്കൊടുക്കുകയോ കടം വീട്ടുകയോ വിശപ്പ് ശമിപ്പിക്കുകയോ ചെയ്യലാണ്. ഒരു സഹോദരന്റെ കൂടെ അവന്റെ ഒരു ആവശ്യപൂർത്തീകരണത്തിനായി ഇറങ്ങിത്തിരിക്കുക എന്നത് ഈ പള്ളിയിൽ (മദീനാ

പള്ളി) ഒരു മാസക്കാലം ഇഅ്തികാഫ് അനുഷ്ഠിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരമാണ്............. തന്റെ സഹോദരന്റെ ആവശ്യങ്ങൾക്കായി സഞ്ചരിക്കുകയും അത് നിറവേറ്റിക്കൊടുക്കുകയും ചെയ്തവന്റെ പാദങ്ങൾ, എല്ലാ പാദങ്ങളും വഴുതിവീഴുന്ന ഒരു നാളിൽ അല്ലാഹു ഉറപ്പിച്ചുനിർത്തുന്നതാണ്" (ത്വബറാനി).

മറ്റൊരു നബിവചനം: "അല്ലാഹുവിന് ചില ദാസന്മാരുണ്ട്. മറ്റുള്ളവർക്ക് വേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചിരിക്കുന്നത്. ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾക്കായി അവരെ ആശ്രയിച്ചുകൊണ്ടിരിക്കും. അറിയുക, അവർ തന്നെയാണ് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് സുരക്ഷിതരായിട്ടുള്ളവർ" (ത്വബറാനി). "വിധവകൾക്കും അഗതികൾക്കും വേണ്ടി ഓടി നടക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവനെയും രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുകയും പകൽ നോമ്പെടുക്കുകയും ചെയ്യുന്നവനെയും പോലെയാണ്" (ബുഖാരി).

സഹജീവികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ഏറ്റെടുക്കണമെന്നും അവയുടെ പരിഹാരത്തിനായി എത്ര ദൂരം താണ്ടേണ്ടിവന്നാലും താണ്ടണമെന്നും ദൈവസന്നിധിയിൽ അത് അവനുള്ള ഉപാസനയേക്കാൾ ശ്രേഷ്ഠമാണെന്നുമുള്ള തിരിച്ചറിവുകളാണ് പ്രകൃത ഹദീസ് പകർന്നുതരുന്നത്. ●

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബൈഹഖിയും ത്വബറാനിയും ഈ തിരുവചനം ഉദ്ധരിച്ചിരിക്കുന്നു. ഇമാം ഹാകിം ചെറിയ വ്യത്യാസങ്ങളോടെ ഇത് ഉദ്ധരിക്കുകയും ഇതിന്റെ നിവേദക പരമ്പര സ്വഹീഹ് ആണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു *(അത്തർഗീബു വത്തർഹീബ്,* 2/149*).*